162 (1706) കൊടുമണ്ണിൽ കളക്ഷൻ സെന്റർ തുടങ്ങുവാൻ നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ അങ്ങാടിക്കലിൽ കെ. എസ്.ഇ.ബി.യുടെ കളക്ഷൻ സെന്റർ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കളക്ഷൻ സെന്റർ അങ്ങാടിക്കൽ പബ്ലിക് ലൈബ്രറിയുടെ കെട്ടിടത്തിൽ ആരംഭിക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. കളക്ഷൻ സെന്റർ തുടങ്ങാൻ 22.5.1999-ൽ അനുമതി കൊടുത്തുകഴിഞ്ഞു.

(ബി) അങ്ങാടിക്കൽ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ വാടകയില്ലാതെ പ്രവർത്തിക്കുന്നതിനാണ് അനുമതി കൊടുത്തിട്ടുള്ളത്.

163 (1707) കോന്നിയിൽ ഒരു സബ്സ്റ്റേഷൻ നിർമ്മാണം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരപ്രദേശമായ കോന്നി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി കോന്നിയിൽ ഒരു സബ്സ്റ്റേഷൻ ആരംഭിക്കേണ്ട കാര്യം വൈദ്യുതി ബോർഡ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യം ജനപ്രതിനിധികൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി കൈക്കൊണ്ടു;

(സി) കോന്നിയിൽ ഒരു 110/66 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കാനും മലയോര പിന്നോക്ക പ്രദേശമായ കോന്നിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി)കോന്നിയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) കോന്നിയിൽ ഒരു 110/66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പഠനം നടത്തി ആവശ്യമെങ്കിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

164 (1708) ഉറുംപനിയിൽ പുതിയ ജലവൈദ്യുത പദ്ധതി നടപ്പാക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സീതത്തോട് പഞ്ചായത്തിലെ ഉറുംപനിയിൽ പുതിയ ജലവൈദ്യുത പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ വൈദ്യുതി ബോർഡ് സ്വീകരിച്ചിരിക്കുന്നത്;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണിവിടെ ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതിക്ക് മുതൽമുടക്ക് എത്രയാണ്;

(ഡി) പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും;

(ഇ) എത്ര വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ സീതത്തോട് പഞ്ചായത്തിലെ ഉറുംപനി ചെറുകിട ജലവൈദ്യുത പദ്ധതി (2.20 മെഗാവാട്ട്) സ്വകാര്യ മേഖലയെക്കൊണ്ട് നടപ്പിലാക്കുന്നതിന് വേണ്ടി 25 പദ്ധതികൾ പരസ്യം ചെയ്ത കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു. ജി.റ്റി.എൻ. ടെക്സ്റ്റൈൽസ് എന്ന കമ്പനി ഈ പദ്ധതിക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് ഈ പദ്ധതി അലോട്ട് ചെയ്യാൻ സർക്കാർ ഉത്തരവായി. എന്നാൽ കമ്പനി കരാർ ഒപ്പു വച്ചില്ല. സർക്കാർ അനുവാദം നൽകിയ 25 പദ്ധതികളിൽ 17 എണ്ണം പ്രാഥമിക കരാർ ഒപ്പ് വയ്ക്കാഞ്ഞതുമൂലം പിന്നീട് റദ്ദാക്കുകയുണ്ടായി. ഇതിൽ ഉറുംപനിയും ഉൾപ്പെടുന്നു. സ്വകാര്യ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പരസ്യപ്പെടുത്തിയതിന്റെ കൂട്ടത്തിൽ ഈ പദ്ധതിയും ഉൾപ്പെടുത്താൻ വൈദ്യുതി ബോർഡിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) 2.20 മെഗാവാട്ട്

(സി) കണക്കാക്കിയിട്ടില്ല.

(ഡി)&(ഇ) സ്വകാര്യസ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചതിനുശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

165 (1709) കുളത്തൂപ്പുഴയിൽ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് അനുവദിക്കാൻ നടപടി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഇലക്ട്രിക്കൽ ഡിവിഷനിൽപ്പെട്ട കുളത്തൂപ്പുഴയിൽ ഒരു സെക്ഷൻ ആഫീസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കുളത്തൂപ്പുഴയിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly